# പതിനാലാം കേരള നിയമസഭ .

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T 3415 22.08.2017 ൽ മറുപടിയ്ക്ക്

## നോക്കുകൂലി തടയാൻ പോലീസ് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നോക്കുകൂലി വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വ്യാപകമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ നോക്കുകൂലി തടയുന്നതിന് പോലീസിന്റെ ഭാഗത്ത് നിന്ന് വ്യാപകമായി വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ബി) നോക്കുകൂലി തടയുന്നതിന് പോലീസിന്റെ ഭാഗത്തുനിന്ന് വ്യാപകമായി വീഴ്ച സംഭവിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. എം.കെ.രാജേഷ്, ഗ്രേഡ് എസ്.ഐ. മുകേഷ്, സിവിൽ പോലീസ് ഓഫീസർ റിഷിലാൽ എന്നിവരെയും ഈ കാര്യത്തിന് ആലപ്പുഴ പോലീസ് കൺട്രോൾ റൂമിൽ ലഭിച്ച ഫോൺ കോൾ കൈകാര്യം ചെയ്യുന്നതിന് വീഴ്ച വരുത്തിയ സീനിയർ സിവിൽ പോലീസ് ഓഫീസർ പുഷ്പകുമാറിനെതിരെയും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം അവാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും ഗ്രേഡ് എസ്.ഐ. മുകേഷ്, സിവിൽ പോലീസ് ഓഫീസർ റിഷിലാൽ, സീനിയർ സിവിൽ പോലീസ് ഓഫീസർ പുഷ്പകുമാർ എന്നിവരെ യഥാക്രമം തൃക്കുന്നപ്പുഴ, വീയപുരം, രാമങ്കരി എന്നീ പോലീസ് സ്റ്റേഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതുമാണ്. |

Bindu

സെക്ഷൻ ഓഫീസർ.